## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 598 27.10.2011 - ൽ മറുപടിയ്ക്ക്**

<u>തൊഴിലധിഷ്ഠിത സഹകരണ സ്ഥാപനങ്ങൾക്ക് ധനസഹായം</u>

<u>ചോദ്യം</u>

ശ്രീ. പി.ബി. അബ്ദുൾ റസാക് :
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:
ശ്രീ. എൻ. ഷംസുദ്ദീൻ:

<u>ഉത്തരം</u>

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണ വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | തൊഴിലധിഷ്ഠിത സഹകരണ സ്ഥാപനങ്ങൾക്ക സഹായം നൽകുന്നതിനുള്ള നടപ്പ വർഷത്തെ പദ്ധതിയുടെ രൂപരേഖയുടെ വിശദവിവരം നല്കാമോ; | (എ) | തൊഴിലധിഷ്ഠിത സഹകരണ സ്ഥാപനങ്ങൾക്ക് വായ്പ, ഓഹരി മൂലധനം. പ്രവർത്തന ഗ്രാന്റ്, സബ്സിഡി എന്നീ ഇനങ്ങളിൽ സഹായം നൽകുന്നതിനുള്ള നടപ്പ വർഷത്തെ പദ്ധതിയുടെ രൂപരേഖ ചുവടെ ചേർക്കുന്നു.<br>1.കുടുംബശ്രീയുടെ പങ്കാളിത്തത്തോടെയുള്ള സ്വാശ്രയ സംഘങ്ങൾ ഉൾപ്പെടെയുള്ള വനിതാ സഹകരണ സംഘങ്ങൾക്ക് തൊഴിലധിഷ്ഠിത പരിപാടികൾക്കുള്ള ധനസഹായം<br>2. മോട്ടോർ ട്രാൻസ്പോർട്ട് / ആട്ടോറിക്ഷാ / ടാക്സി ഡ്രൈവർമാരുടെ സഹകരണസംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണസംഘങ്ങൾ, തൊഴിലുമായി ബന്ധപ്പെട്ട മറ്റ് സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ധനസഹായം.<br>3. വനിതാ അംഗങ്ങൾക്ക് തൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് ധനസഹായം. |
| (ബി) | ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് | (ബി) | ധനസഹായം ലഭിക്കുന്നതിന് വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട ചട്ടങ്ങളിൽ |

| | | | |
|---|---|---|---|
| | വിശദമാക്കുമോ; | | നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ധനസഹായം നൽകി വരുന്നു. വ്യവസ്ഥകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (സി) | 2010 -2011 വർഷം പ്രസ്തുത പദ്ധതി പ്രകാരം ചെലവഴിച്ച തുകയുടെ വിനിയോഗക്രമവും തുകയും സംബന്ധിച്ച വിശദവിവരം നല്കാമോ; | (സി) | 2010 - 2011 വർഷം പ്രസ്തുത പദ്ധതി പ്രകാരം 282.78 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ടി തുക വിവിധ സഹകരണ സംഘങ്ങൾക്ക് വായ്പ, ഓഹരി മൂലധനം, പ്രവർത്തന ഗ്രാന്റ്, സബ്സിഡി എന്നീ ഇനങ്ങളിലായി വിവിധ പദ്ധതികൾ പ്രകാരം നൽകിയിട്ടുണ്ട്. വിശദ വിവരം അനുബന്ധം II ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഡി) | സാഹിത്യ സഹകരണ സംഘങ്ങളുടെപുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ഏതൊക്കെ സഹകരണ സംഘങ്ങൾക്ക് സഹായം നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ഡി) | സാഹിത്യ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് അപേക്ഷ ലഭിക്കുന്ന സഹകരണ സംഘങ്ങളിൽ നിന്നും അർഹരായവർക്ക് ധനസഹായം നൽകുന്നതാണ്. |
| (ഇ) | പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങൾക്ക് സഹായം ലഭ്യമാകാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള മുൻ കരുതലുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ഇ) | പ്രവർത്തന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, സംഘം സമർപ്പിക്കുന്ന പദ്ധതികൾ ചട്ടപ്രകാരമാണെന്ന് വിലയിരുത്തി ജോയിന്റ് രജിസ്ട്രാർമാർ നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിലും മാത്രമാണ് സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നത്. |

സെക്ഷൻ ഓഫീസർ

ധനസഹായം ലഭിക്കുന്നതിന് ഓരോ പദ്ധതികൾക്കും നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ

1. <u>വനിതാ അംഗങ്ങൾക്ക് തൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള ധനസഹായം</u>

നിബന്ധനകൾ

ഏറ്റവും കുറഞ്ഞത് 30 പേർക്കെങ്കിലും തൊഴിൽ നൽകാൻ കഴിയണം. സംഘത്തിന് 50 ലക്ഷം രൂപയിൽ കൂടുതൽ പ്രവർത്തന മൂലധനം, 20 ലക്ഷത്തിലധികരിച്ച് നിക്ഷേപവും, മുൻവർഷം 10 ലക്ഷം രൂപയിൽ അധികരിച്ച വായ്പയും നൽകിയിരിക്കണം. സംഘത്തിന് പദ്ധതികൾ തയ്യാറാക്കാനും നടപ്പിലാക്കുന്നതിനുള്ള കഴിവുമുണ്ടായിരിക്കണം.

2. <u>ഓട്ടോറിക്ഷാ ഡ്രൈവേഴ്സ് സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനം</u>

നിബന്ധനകൾ

അഭ്യസ്ത വിദ്യരും തൊഴിൽ രഹിതരുമായ ഓട്ടോറിക്ഷാ ഡ്രൈവിംഗ് ലൈസൻസ് ഉള്ളവരുമായവർക്ക് തൊഴിൽ നൽകുന്നതിന് രൂപീകരിച്ച സംഘമായിരിക്കണം. ഏറ്റവും കുറഞ്ഞത് 25 എ ക്ലാസ് അംഗങ്ങളും പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 2500/- രൂപയും ഉണ്ടായിരിക്കണം. സർക്കാർ ഓഹരി മൂലധന പങ്കാളിത്തത്തിന് ബൈലാ വ്യവസ്ഥ ഉണ്ടായിരിക്കണം. ഓട്ടോറിക്ഷാ വാങ്ങുന്നതിനാണ് ധനസഹായം അനുവദിക്കുന്നത്

3. മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ(ഓഹരി മൂലധനം)

നിബന്ധനകൾ

ഓട്ടോ മൊബൈൽ വ്യവസായം, ട്രാൻസ്പോർട്ട് സർവ്വീസിൽ പരിചയ മുള്ള തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുന്നതിനായി രൂപീകരിച്ച സംഘമായിരിക്കണം. കുറഞ്ഞത് 50 അംഗങ്ങളും അംഗങ്ങളിൽ നിന്ന് പിരിച്ചെടുത്ത ഓഹരി മൂലധനം 30000/- രൂപാ ഉണ്ടായിരിക്കണം. സർക്കാർ ഓഹരി മൂലധന പങ്കാളിത്തത്തിന് ബൈലാ വ്യവസ്ഥ ഉണ്ടായിരിക്കണം. അഴിമതി രഹിതവും സർക്കാരിലേക്ക് കുടിശ്ശിക രഹിതവുമായിരിക്കണം. ട്രാൻസ്പോർട്ട് വാഹനങ്ങൾ വാങ്ങുന്നതിനുള്ള മാർജിൻ മണിയായി മാത്രമേ ധനസഹായം ഉപയോഗിക്കാവൂ.

4. വനിതാ സഹകരണ സംഘങ്ങൾ

എ) ഓഹരി മൂലധനം

നിബന്ധനകൾ

സംഘത്തിൽ കുറഞ്ഞത് 100 അംഗങ്ങൾ ഉണ്ടായിരിക്കണം. പിരിച്ചെടുത്ത ഓഹരി മൂലധനം കുറഞ്ഞത് 5000/- രൂപയെങ്കിലും ഉണ്ടായിരിക്കണം. ബൈലായിൽ സർക്കാർ ഓഹരിക്ക് വ്യവസ്ഥ ഉണ്ടായിരിക്കണം. അംഗങ്ങളുടെയും സർക്കാരിന്റെയും ഓഹരി അനുപാതം 1:5 ആയിരിക്കണം.

ബി) മാനേജീരിയൽ സബ്സിഡി - സംഘം നിയമിച്ചിട്ടുള്ള ജീവനക്കാരുടെ നിയമനം ജോയിന്റ് രജിസ്ട്രാർ അനുമതിയോട് കൂടിയതായിരിക്കണം.

5. <u>മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം - ഓഹരി മൂലധനം</u>

നിബന്ധനകൾ

കുറഞ്ഞത് 50 അംഗങ്ങൾ ഉണ്ടായിരിക്കണം. ആകെ അംഗങ്ങളുടെ 90% കുറയാതെയുള്ള അംഗങ്ങൾ സംഘം ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങളിൽ നിന്നും നേരിട്ട് ഗുണം ലഭിക്കുന്നവരും, പ്രത്യേക് വ്യവസായം/തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവരും ആയിരിക്കണം. ബൈലായിൽ സർക്കാർ ഓഹരിക്ക് വ്യവസ്ഥ ഉണ്ടായിരിക്കണം. ആകെയുള്ള അംഗങ്ങളുടേയോ ഭരണസമിതി അംഗങ്ങളുടേയോ 2/3 ൽ കുറയാതെയുള്ള

**വർ സംഘം** ഏറ്റെടുത്തിട്ടുള്ള വ്യവസായത്തിൽ ഏർപ്പെട്ടവരോ യഥാർത്ഥ തൊഴിലാളികളോ ആയിരിക്കണം. അംഗങ്ങളുടെയും സർക്കാരിന്റെയും ഓഹരികൾ തമ്മിലുള്ള അനുപാതം 1:3 ആയി നില നിർത്തണം

Section Officer

# അനുബന്ധം II

മറ്റു സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

തൊഴിലധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുന്ന വിവിധതരം സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന ധനസഹായം നൽകിയ വിവരം.

താഴെ പറയുന്ന തരത്തിൽ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതികൾ | ചെലവഴിച്ച തുക (തുക ലക്ഷത്തിൽ) | സംഘങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | വനിതാ സഹകരണ സംഘങ്ങൾക്ക് തൊഴിലധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുന്നതിനും കൂടാതെ കുടുംബശ്രീയുടെ പങ്കാളിത്തത്തോടെ [illegible] ങ്ങൾക്ക് ധനസഹായം | 25.89 | 33 |
| 2 | മോട്ടോർ ട്രാൻസ്പോർട്ട്/ ആട്ടോറിക്ഷാ/ടാക്സി ഡ്രൈവർമാരുടെ സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, തൊഴിലുമായി ബന്ധപ്പെട്ട മറ്റ് സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ധനസഹായം | 23.50 | 5 |
| 3 | വനിതാ അംഗങ്ങൾക്ക് തൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് പി.എ.സി.എസ് ന് സഹായം | 19.00 | 5 |

മറ്റു സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം - 2425-108-67

തൊഴിലധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുന്ന വിവിധതരം സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിന് സബ്സിഡിയിനത്തിൽ താഴെ പറയുന്ന തരത്തിലുള്ള സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതികൾ | ചെലവഴിച്ച തുക | സംഘങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | വനിതാ സഹകരണ സംഘങ്ങൾക്ക് തൊഴിലധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുന്നതിനും കൂടാതെ കുടുംബശ്രീയുടെ പങ്കാളിത്തത്തോടെയുള്ള സ്വാശ്രയ സംഘങ്ങൾക്ക് ധനസഹായം | 57.70 | 42 |
| 2 | വനിതാ അംഗങ്ങൾക്ക് തൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് പി.എ.സി.എസ് ന് സഹായം | 6.30 | 5 |

<u>മറ്റു സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം (6425-108-11)</u>

തൊഴിലധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുന്ന വിവിധതരം സംഘങ്ങൾക്ക് വായ്പയിനത്തിൽ ധനസഹായം നൽകുന്നതിന് വകയിരുത്തിയ 120.00 ലക്ഷം രൂപയും 31.03.2011 തീയതിയിലെ ജി.ഒ(ആർ.റ്റി)2798/11/ഫിൻ ഉത്തരവ് പ്രകാരം 4425-108-89 നമ്പർ ശീർഷകത്തിൽ നിന്നും ലഭിച്ച 30.39 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 150.39 ലക്ഷം രൂപ ചെലവഴിച്ചു. 11 സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകി.

Section officer.